ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം

101 (1156) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വിദ്യാർത്ഥികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് പ്രത്യേകമായി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ അവരുടെ വിദ്യാഭ്യാസ യോഗ്യത, സേവന വേതന വ്യവസ്ഥകൾ എന്നിവ വ്യക്തമാക്കുമോ ;

(ഡി) ഇത്തരം അദ്ധ്യാപകർക്ക് സ്ഥിര നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംയോജിത വിദ്യാഭ്യാസ പദ്ധതിയും (ഐ.ഇ.ഡി.എസ്.എസ്.), സംസ്ഥാന പദ്ധതിയുടെ ഭാഗമായി ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. PWD Act/Rules പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് രജിസ്ട്രേഷൻ നൽകിയിട്ടുള്ള 292 സ്കൂളുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്. ഇവയിൽ ഭൂരിഭാഗം സ്കൂളുകളും എൻ.ജി.ഒ. നടത്തുന്നവയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ബഡ്സ് സ്കൂളുകളുമാണ്. ഇപ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ എല്ലാ വർഷവും നിശ്ചിത തുക ഗ്രാന്റ് ആയി അനുവദിച്ചു നൽകുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 15 കോടി രൂപ ഗ്രാന്റിനായി അനുവദിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഐ.ഇ.ഡി.എസ്.എസ്. പദ്ധതി പ്രകാരം 725 അദ്ധ്യാപകരെയും എസ്.എസ്.എ. വഴി 1335 അദ്ധ്യാപകരെയും സംസ്ഥാനത്ത് നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ സിസ്റ്റത്തിലും അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(സി&ഡി) ഐ.ഇ.ഡി.എസ്.എസ്. പദ്ധതി പ്രകാരം നിയമിക്കപ്പെടുന്നവർക്ക് B.Ed.(Spl.Edn.) അഥവാ B.Ed.(General)-നോടൊപ്പം Spl. Edn.-ൽ 2 വർഷ ഡിപ്ലോമയുമാണ് കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം നിഷ്കർഷിക്കുന്നത്. സ.ഉ.(പി) 412/69/വി.വ, തീയതി 9-11-1969, സ.ഉ.(എംഎസ്.) 198/79/ പൊ.വി.വ, 22-11-1979

LIBRARY ARCHIVES Kerala Legislative Assembly

എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് അന്ധ ബധിര വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളും വിദ്യാഭ്യാസയോഗ്യതകളും നിഷ്കർഷിച്ചിരിക്കുന്നത്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് 28-4-14-ലെ സ.ഉ.(പി)നമ്പർ 69/2014/ പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം എയ്ഡഡ് പദവി ലഭിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം, വേതന വ്യവസ്ഥ എന്നിവ നിശ്ചയിക്കുന്നതിന് വിദഗ്ധ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം

102 (1157) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാണിച്ച എത്ര എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതുവഴി എത്ര അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഇതുവരെ നിയമനം നടത്തിയിട്ടുണ്ട് ;

(സി) ഇങ്ങനെ നിയമനം നേടിയ അദ്ധ്യാപകരിൽ എത്ര പേർ ഇപ്പോൾ സർവ്വീസിലുണ്ട് ;

(ഡി) ഇവർക്ക് ഇതുവരെ എത്ര രൂക ശമ്പള ഇനത്തിലും മറ്റുമായി നൽകിയിട്ടുണ്ട് ;

(ഇ) ഇതിന് ഉത്തരവാദികൾ ആരെന്നും ഇവർക്കെതിരെ നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(എഫ്) കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാണിച്ചത് എങ്ങിനെയാണ് കണ്ടുപിടിക്കപ്പെട്ടത് ;

(ജി) കൃത്രിമം കാണിക്കാൻ സ്കൂൾ അധികൃതർക്ക് കഴിഞ്ഞത് എന്തു കൊണ്ടാണ് ; ഇതു സംബന്ധിച്ച് പരിശോധനകൾ നടത്താറുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly